7/2/17

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, ആറാട്ടുപ്പുഴ വില്ലേജിൽ ബ്ലോക്ക് 18, സർവ്വെ നമ്പർ 195/4(part)ൽ പെട്ടതുമായ കായൽ പുറമ്പോക്ക് വസ്തു, ലൈറ്റ് ഹൗസ് സ്ഥാപിക്കുന്നതിനായി കേന്ദ്ര കപ്പൽ ഗതാഗത മന്ത്രാലയത്തിനു കീഴിലുള്ള ലൈറ്റ് ഹൗസസ് & ലൈറ്റ് ഷിപ്പ് ഡയറക്ടറുടെ പേരിൽ നാമമാത്രമായ പാട്ടത്തുകയ്ക്കും, ദീർഘകാലാടിസ്ഥാനത്തിലും പാട്ടത്തിനു നൽകുന്നതിന് ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്തിന് അനുവാദ അനുമതി നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(സാധാ) നം. 345/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 07/02/2017

---

പരാമർശം: 1. ലൈറ്റ് ഹൗസസ് & ലൈറ്റ് ഷിപ്പ് ഡയറക്ടറുടെ 08.10.2014 ലെ IV-4(102)/2011 നമ്പർ കത്ത്.
2. ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.11.2016 ലെ 5-ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 03.01.2017 ലെ സി2-37589/2015 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വലിയഴിക്കൽ എന്ന സ്ഥലത്ത് ലൈറ്റ് ഹൗസ് സ്ഥാപിക്കുന്നതിനായി, കാർത്തികപ്പള്ളി താലൂക്ക്, ആറാട്ടുപുഴ വില്ലേജിലെ സർവ്വെ നമ്പർ 195/4 (part)ൽ പെട്ടതും ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതുമായ കായൽ പുറമ്പോക്ക് വസ്തു പാട്ടത്തിനു ലഭ്യമാക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്ന് കൊച്ചി ലൈറ്റ് ഹൗസസ് & ലൈറ്റ് ഷിപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ടി വിഷയത്തിൽ ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം അനുകൂല തീരുമാനം കൈക്കൊള്ളുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 218(1) പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും കാർത്തികപ്പള്ളി താലൂക്ക്, ആറാട്ടുപുഴ വില്ലേജിലെ ബ്ലോക്ക് നം. 17, സർവ്വെ നം. 195/4 (part) ൽ പെട്ടതുമായ 9.85 ആർ കായൽ പുറമ്പോക്ക് വസ്തു , കേരള പഞ്ചായത്ത് രാജ്

( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 8 അനുസരിച്ച്, നിക്ഷിപ്തമായ വ്യവസ്ഥയ്ക്ക് വിഘാതം വരാതെയും, പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് ഭംഗം വരാതെയും ശ്രദ്ധിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, നാമമാത്രമായ പാട്ടത്തുകയ്ക്കും, ദീർഘകാലാടിസ്ഥാനത്തിലും , കേന്ദ്ര കപ്പൽ ഗതാഗത മന്ത്രാലയത്തിനു കീഴിലെ ലൈറ്റ് ഹൗസസ് ആന്റ് ലൈറ്റ് ഷിപ്സ് ഡയറക്ടറുടെ പേരിൽ പാട്ടത്തിന് കൊടുക്കുന്നതിന് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന് അനുവാദ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലൈറ്റ് ഹൗസസ് & ലൈറ്റ് ഷിപ്സ് , ഗാന്ധിനഗർ, കടവന്ത്ര പി. ഒ., കൊച്ചി.
സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ-690535.
ജില്ലാ കളക്ടർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഐ&പി.ആർ.ഡി - വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Rajana

സെക്ഷൻ ഓഫീസർ